# M.J.S.S.A. വാർഷിക പരീക്ഷ 2019

**JSSLC** **Answerkey** **Marks 100**

**Note :** ചോദ്യപേപ്പർ, പാഠപുസ്തകം, ഉത്തര സൂചിക എന്നിവയുമായി ഒത്ത് നോക്കണം

1. അന്നഫോറ 2. എഫെസൂസ് 3. മക്കാബ്യർ 4. പ്രീസ്റ്റിലി 5. കർത്താവിന്റെ സഹോദരനായ യാക്കോബ് 6. അർമ്മീനിയ 7. ഗായോസിനെ 8. യൗസേബിയോസ് 9. ക്രിസ്തു 10. സഭയെ **10X1=10**

11. മോർ മിലിത്തിയോസ് 12. യൂദാ മക്കാബി 13. സെലൂക്കസ് നിക്കേറ്റർ 14. വി.യൂദായുടെ 15. പലസ്തീനിലെ യഹൂദ ക്രിസ്ത്യാനികൾക്ക് 16. ഈജിപ്തിലെ കെയ്റോ 17. വി.യാക്കോബിന്റെ ലേഖനം 18. യഥാർത്ഥ സ്വർഗ്ഗരാജ്യത്തിന്റെ 19. സിൽവാനോസ് 20.യേശു ബർ ശെമവൂൻ **10X1=10**

21. തെറ്റ് 22. ശരി 23. തെറ്റ് 24. തെറ്റ് 25. ശരി 26. ശരി 27. ശരി 28. ശരി 29. ശരി 30. തെറ്റ് **10X1=10**

31. അന്ത്യോഖ്യ 32. അതിര് 33. വി.പൗലോസ് 34. മാലാഖമാർ 35. ആത്മീക 36. വെളിപ്പാട് 37. വിശുദ്ധനാകയാൽ 38. ഭൂമുഖത്ത് 39. വാനമേഘങ്ങളിൽ 40. എത്യോപ്യൻ **10X1=10**

41. സഭാചരിത്രം 42. സലോനിക്കി 43. മോറാവോസേന്മാർ 44. റോമാ ലേഖനം 45. മൂസൽ 46. എൽഫർണസ് 47. എപ്പഫ്രാസ് 48. 5-ാം തുബ്ദേൻ **8X1=8**

49. പുളിപ്പുള്ള അപ്പം 50. സഭാപ്രസംഗി / സഭയിൽ പ്രസംഗിക്കുന്നവൻ/സംസാരിക്കുന്നവൻ 51. ആവർത്തനം 52. അപേക്ഷകൾ **4X1=4**

53. സുറിയാനി - ക്ലാസ്സ് 9 54. ക്ലാസ്സ് 8 **2X2=4**

55. മാലാഖ/ദൈവദൂതൻ പൗലോസിനോട് 56. യേശു ശിഷ്യന്മാരോട് /ശിഷ്യ സമൂഹത്തോട് 57. കർത്താവ്/ ദൈവം അബ്രാഹാമിനോട് **3X2=6**

58.''എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിപ്പിൻ അതെ, സന്തോഷിപ്പിൻ എന്ന് ഞാൻ വീണ്ടും പറയുന്നു.'' (പേജ് 49) **2X3=6**

59. ''എന്തെന്നാൽ യേശു മരിക്കയും ഉയിർക്കുകയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അപ്രകാരം തന്നെ ദൈവം യേശുവിൽ നിദ്ര പ്രാപിച്ചവരേയും അവനോടു കൂടെ കൊണ്ടു വരും.'' (പേജ് 39)

**ഖണ്ഡിക എഴുതുക (2 എണ്ണം)** **2X4=8**

60. 1.സഭാപ്രസംഗിയിൽ ക്രിസ്തുവിനെ നേരിട്ട് അവതരിപ്പിക്കുന്നില്ല. 2.എന്നാൽ വ്യംഗ്യാർത്ഥത്തിൽ ക്രിസ്തുവിനെ സഭാപ്രസംഗിയിലൂടെ അവതരിപ്പിക്കുന്നുണ്ട്. 3.ദൈവബന്ധത്തിലൂടെയല്ലാതുള്ള ജീവിതം വ്യർത്ഥമാണെന്നും ദൈവത്തെ കൂടാതെ സമ്പാദിക്കുന്ന സമ്പാദ്യങ്ങളൊന്നും മനുഷ്യർക്ക് യഥാർത്ഥമായ സന്തോഷം നൽകുന്നില്ലെന്നും സഭാപ്രസംഗി പറയുന്നു. 4.മനുഷ്യൻ അന്വേഷിക്കുന്ന നിത്യമായ സന്തോഷവും സമാധാനവും ക്രിസ്തുവാണ് നൽകുന്നത്. 5.മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത് ഏക ഇടയൻ നൽകുന്ന (12:11) നിത്യജീവനാണ്. (പേജ് 22 , പാഠം 4)

61. 1. മറ്റുള്ളവർക്ക് മാതൃകയായിരിക്കണം (2:11,12)
 2. അധികാരങ്ങൾക്ക് കീഴ്പ്പെട്ടിരിക്കണം. (2:13, 18)
 3. ഉത്തമമായ ഭാര്യാ-ഭർത്തൃബന്ധം (3:1-7)
 4. ക്രിസ്തുവിന്റെ നാമത്തിൽ കഷ്ടം അനുഭവിക്കുന്നത് ഭാഗ്യമായി കരുതി വിശുദ്ധ ജീവിതം നയിക്കുന്നവർ ആയിരിക്കണം. (3:8-4:19)
 5. പുരോഹിതന്മാരുടെ ചുമതലകൾ (5:1-4)
 6. യുവാക്കന്മാരുടെ ചുമതലകൾ (5:5-8) (പേജ് 61, പാഠം -13)

62. 1.ശ്ലീഹന്മാരിൽ തലവനായ വി. പത്രോസ് ശ്ലീഹായുടെ ദൈവപുത്രനിലുള്ള അചഞ്ചലമായ വിശ്വാസമെന്ന പാറമേൽ ആണ് കർത്താവ് സഭയെ പണിതിരിക്കുന്നത്. 2. കർത്താവ് നട്ടതും അപ്പൊസ്തലന്മാരും അവരുടെ പിൻഗാമികളായ പിതാക്കന്മാരും പരിപാലിച്ചു പോന്നതുമായ സഭയാണ് ഇത്. കർത്താവിന്റെ കല്പനകൾ മുഴുവനും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. (വി.യോഹ.21:25). 3. ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാർക്ക് പിന്നേയും അനേക സംഗതികൾ പഠിപ്പിക്കുകയും ദൃഷ്ടാന്തങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്തു. (അപ്പ.പ്രവൃ.1:2-3). 4. ഇതും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വക കാര്യങ്ങളൊക്കെ ശിഷ്യന്മാർ തന്റെ പിൻഗാമികൾക്ക് വാമൊഴിയായി പകർന്നു കൊടുത്തു. അത് ഇന്നുവരെയും സഭയിൽ നിലനിൽക്കുന്നു. 5. ഇതിനെയാണ് വി. പാരമ്പര്യങ്ങൾ എന്ന് പറയുന്നത്. അപ്പൊസ്തലിക കാലത്തോളം പഴക്കമുള്ളതും അപ്പൊസ്തലന്മാരാൽ നയിക്കപ്പെട്ടതുമായ സഭയായതു കൊണ്ടാണ് ഇതിനെ അപ്പൊസ്തലിക (ശ്ലൈഹിക) സഭ എന്ന് പറയുന്നത്. (പേജ് 96 - പാഠം 20)

63. ഗീതം പൂരിപ്പിക്കുക (ക്ലാസ്സ് 9, പേജ് 82 ) **1X6=6**

സ്തേപ്പാനോസിൻ വധനേരത്തേറ്റൊരു പീഢ
 കഷ്ടതകൾ ചിന്തിച്ചേൻ ഞാൻ വിസ്മി-തനായ് പാരം
 കല്ലേറുകളേൽക്കുമ്പോഴും പ്രാർത്ഥിച്ചേവം
  അറിയാതിവരിതു ചെയ്യുന്നു ക്ഷമ നൽ-കുക നാഥാ
 മൃതിനേര-ത്തരികൾക്കായി പ്രാർത്ഥി-
 ച്ചൊരു നാഥ-നനുയോജ്യൻ ദാസൻ
തൻപ്രാർത്ഥനയിൽ ചേർക്കണമേ കരുണാ-മയനേശു

64. പ്രാർത്ഥന – (ക്ലാസ്സ് 8, ഭാഗം 1 പേജ് 5 ) *1x8=8*

കർത്താവേ ! നിന്നെ സ്തുതിക്കുന്നതും ഉന്നതമായ നിന്റെ നാമത്തിനു പാടുന്നതും, പ്രഭാതകാലത്ത് നിന്റെ കൃപയും രാത്രികാലങ്ങളിൽ നിന്റെ വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ! പ്രഭാതത്തിൽ എന്റെ ശബ്ദം നീ കേൾക്കണമെ, പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറാകണമെ.

കർത്താവേ ! നിന്റെ ജനത്തോട് കരുണ ചെയ്യേണമെ. കർത്താവേ! ഞങ്ങളെല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമേ. പരിശുദ്ധനായുള്ളവനേ! നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ നിത്യമായ നാമം നിമിത്തം ഞങ്ങളുടെ രോഗാവസ്ഥയ്ക്ക് പരിഹാരം നൽകണമേ.

or

കർത്താവിനു സ്തോത്രം ചെയ്യുവാനും ഉയരപ്പെട്ട തന്റെ തിരുനാമത്തെ പാടുവാനും പ്രഭാതത്തിൽ തന്റെ കൃപയും രാത്രിയിൽ തന്റെ വിശ്വാസവും അറിയിപ്പാനും നല്ലതാകുന്നു. കർത്താവെ പ്രഭാതത്തിൽ എന്റെ സ്വരം നീ കേൾക്കണമേ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടും. കർത്താവെ ഞങ്ങൾ എല്ലാവരുടെയും ദോഷങ്ങളെ പൊറുത്തു പുണ്യമാക്കണമെ.ശുദ്ധമുള്ളവനെ നിന്റെ വലത്തുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ തിരുനാമത്തിൽ ഞങ്ങളുടെ പാപരോഗങ്ങളെ സൗഖ്യമാക്കണമെ. ആമ്മീൻ

ഉപന്യാസം (ഒരെണ്ണം) *1x10=10*

65. **ആമുഖം**

കർത്താവിന്റെ രണ്ടാമത്തെ വരവിന് ഗ്രീക്ക്ഭാഷയിൽ പറൂസീയ എന്നാണ് പറയുന്നത്. രാജാക്കന്മാരുടേയും മറ്റും ഔദ്യോഗിക എഴുന്നള്ളത്തിനാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. പുതിയനിയമത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ വ്യക്തമാക്കാനാണ്.

**I രണ്ടാം വരവിനെപ്പറ്റിയുള്ള പ്രസ്താവനകൾ**

**1.പിതാവിന്റെ മഹത്വത്തിൽ വരും**

എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ വി.മാലാഖമാരോടുകൂടി വരുവാനിരിക്കുന്നു. (വി.മത്താ.16:27, 25:31, വി.മർക്കോ. 8:38, വി.ലൂക്കോ 9:26)

**2.വാനമേഘങ്ങളിൽ വരും**

മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടും കൂടി വാനമേഘങ്ങളിൽ വരും (വി.മത്താ.24:30, 26:64, വി.മർക്കോ.13:26, വി.ലൂക്കോ. 21:27)

**3.കള്ളനെപ്പോലെ വരും**

മോഷ്ടിക്കാൻ വരുന്ന കള്ളൻ മുൻകൂട്ടി അറിയിക്കാതെ പെട്ടെന്ന് വരുന്നതുപോലെ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് തികച്ചും അപ്രതീക്ഷിതമായിരിക്കും (1 തെസ്സലോനിക്യർ. 5:2)

**4.മാലാഖമാരുടെ അകമ്പടിയോടെ വരും (വി.മത്താ. 25:31)**

മനുഷ്യപുത്രൻ തന്റെ സകല വിശുദ്ധ മാലാഖമാരുമായി തന്റെ മഹത്വത്തിൽ വന്ന് മഹത്വസിംഹാസനത്തിൽ ഇരിക്കും

**II വരവിന്റെ ഉദ്ദേശ്യം**

**1.വാഗ്ദത്ത പൂർത്തീകരണത്തിന് (വി.യോഹ. 14:3)**

നിങ്ങൾക്കായി സ്ഥലമൊരുക്കുവാൻ ഞാൻ പോകുന്നു. ഞാൻ പോയാൽ നിങ്ങൾക്കായി ഞാൻ സ്ഥലമൊരുക്കും. വീണ്ടും ഞാൻ വരും. എന്റെ അടുക്കലേക്ക് നിങ്ങളെ ഞാൻ കൂട്ടിക്കൊണ്ടുപോകും.

**2.തിരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിചേർക്കാൻ (വി.മത്താ. 24:31)**

താൻ തിരഞ്ഞെടുക്കപ്പെട്ടവരെ ആകാശത്തിന്റെ അറ്റം മുതൽ അറ്റം വരെ നാല് കാറ്റുകളിൽ നിന്നുമായി കൂട്ടിച്ചേർക്കും.

**3.ജാതികളെ ന്യായംവിധിക്കാൻ (വി.മത്താ. 25:31–32)**

ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽ നിന്നും വേർ തിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും. ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിർത്തും.

**4.ഓരോരുവനും പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം കൊടുക്കുവാൻ. (വി.മത്താ. 16:27)**

അപ്പോൾ അവൻ ഓരോ മനുഷ്യനും തന്റെ പ്രവൃത്തികൾ അനുസരിച്ച് പ്രതിഫലം നൽകും.

**5.മരിച്ചവരെ ഉയിർപ്പിക്കുവാൻ (1 തെസ്സലോനിക്യർ 4: 13–17)**

മ്ശിഹായിൽ മരിച്ചവർ ആദ്യം ഉയിർക്കും. അപ്പോൾ ജീവിച്ച് ശേഷിച്ചിരിക്കുന്ന നാം ആകാശത്തിൽ നമ്മുടെ കർത്താവിനെ എതിരേൽപ്പാനായി അവരോടൊരുമിച്ച് മേഘങ്ങളിൽഎടുക്കപ്പെടും.

**III രണ്ടാം വരവിന്റെ സമയം**

രണ്ടാം വരവിന്റെ കൃത്യസമയം കർത്താവ് പറഞ്ഞിട്ടില്ല. എന്നാൽ ചില സൂചനകൾ തന്നിട്ടുണ്ട്.

**1.ആ സമയം അജ്ഞാതമാണ് (വി.മത്തായി. 24:27,36)**

ആ ദിവസത്തെക്കുറിച്ചും ആ നാഴികയെക്കുറിച്ചും പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ മാലാഖമാർ പോലും അറിയുന്നില്ല

**2.ഭൂലോകമെങ്ങും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടണം. (വി.മത്തായി 24:14)**

സർവ്വ ജാതികളുടേയും സാക്ഷ്യത്തിനായി ഭൂലോകമെങ്ങും രാജ്യത്തിന്റെ ഈ സുവിശേഷം പ്രസംഗിക്കപ്പെടും, അപ്പോൾ അന്ത്യം വരും

**3.അധമ മൂർത്തി പ്രത്യക്ഷപ്പെട്ടശേഷം (2 തെസ. 2:3)**

ആദ്യമെ വിശ്വാസത്യാഗം സംഭവിക്കുകയും നാശത്തിന്റെ പുത്രനായ പാപത്തിന്റെ മനുഷ്യൻ പ്രത്യക്ഷപ്പെടുകയും ചെയ്യും.

**4.നോഹയുടെ കാലം പോലെ സംഭവിക്കും. (മത്തായി 24:37,47)**

നോഹയുടെ കാലം എപ്രകാരമായിരുന്നോ അപ്രകാരമായിരിക്കും മനുഷ്യപുത്രന്റെയും വരവ്.

**IV വിശ്വാസികളുടെ ഒരുക്കം**

കർത്താവിന്റെ രണ്ടാമത്തെ വരവ് അപ്രതീക്ഷിതവും പെട്ടെന്നുമുള്ളതാകയാലും ആ സമയത്തെക്കുറിച്ച് മനുഷ്യർക്ക് യാതൊരു നിശ്ചയവുമില്ലാത്തതിനാലും വിശ്വാസികൾ അനുഷ്ഠിക്കേണ്ട ചില സംഗതികളുണ്ട്.

**1.ആകാംക്ഷയോടെ നോക്കിപ്പാർത്തിരിക്കണം (1 കോരി. 1:7)**

''നിങ്ങളോ നമ്മുടെ കർത്താവേശു മ്ശിഹായുടെ പ്രത്യക്ഷതയ്ക്കായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.''

**2.ഒരുക്കമുള്ളവരായിരിക്കണം (വി. മത്തായി. 24:44)**

''നിങ്ങൾ വിചാരിക്കാത്ത നാഴികയിൽ മനുഷ്യ പുത്രൻ വരുമെന്നതിനാൽ നിങ്ങളും ഒരുങ്ങിയിരിപ്പിൻ.''

**3.കർമ്മ നിരതരായിരിക്കണം. (വി. ലൂക്കോ. 19:13–27)**

രാജത്വം പ്രാപിക്കാനായി ദൂരദേശത്തേക്ക് പോയ ഒരു മനുഷ്യൻ താൻ തിരികെ വരുവോളം വ്യാപാരം ചെയ്യുന്നതിനായി കുറെ പണം തന്റെ ദാസന്മാരെ ഏല്പിച്ചുകൊണ്ട് അവരോട് പറഞ്ഞു ''ഞാൻ വരുന്നതുവരെ വ്യാപാരം ചെയ്തു കൊള്ളുവിൻ.'' ചിലർ അവന്റെ വാക്ക് അനുസരിച്ചു. ചിലർ ധിക്കരിച്ചു. പ്രതീക്ഷിക്കാത്ത സമയത്ത് യജമാനൻ വന്ന് ഓരോരുത്തരുടേയും കണക്ക് പരിശോധിച്ചു. ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നൽകി. അലസരായി വ്യാപാരം ചെയ്യാതിരുന്നവരെ ശിക്ഷിച്ച് പുറത്തെ അന്ധകാരത്തിലേക്ക് തള്ളിക്കളയുകയും ചെയ്തു. കർത്താവിന്റെ രണ്ടാമത്തെ വരവ് വരെ വിശ്വാസികൾ കർമ്മനിരതരായിരിക്കണമെന്ന് കർത്താവ് പറഞ്ഞ ഉപമയിലെഈ ഭാഗം വ്യക്തമാക്കുന്നു.

**4.വരവിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. (വെളി. 22:20)**

''അതേ കർത്താവായ യേശുവെ വേഗം വരണമെ.'' ഇതായിരിക്കണം വിശ്വാസികളുടെ പ്രാർത്ഥന. **വി.മത്തായി. 25:13 –** ''ആകയാൽ ആ ദിവസവും ആ സമയവും നിങ്ങൾക്കറിഞ്ഞുകൂടാത്തതിനാൽ നിങ്ങൾ ഉണർന്നിരിപ്പിൻ.'' (പേജ് 73)

അല്ലെങ്കിൽ

യേശുവിൻെറ സുവിശേഷങ്ങൾക്ക് കുടുതൽ പ്രാധാന്യം നൽകുകയും അതിന് ശരിയായ അർത്ഥ വ്യാഖ്യാനം നൽകി ജനത്തെ പ്രബോധിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഈ ലേഖനങ്ങൾക്ക് സുവിശേഷ പ്രബോധന ലേഖനങ്ങൾ എന്ന് പറയുന്നത്.

**കോരിന്ത്യർക്കുള്ള ലേഖനങ്ങൾ**

**പശ്ചാത്തലം**

പുതിയനിയമ കാലത്ത് കോരിന്ത് നഗരം ഗ്രീസിലെ അതിപ്രധാനമായ വാണിജ്യകേന്ദ്രവും തുറമുഖവുമായിരുന്നു. പ്രശസ്തമായ ഒരു സർവ്വകലാശാലാ കേന്ദ്രവും കൂടിയായിരുന്നു ഈ നഗരം. സമ്പൽ സമൃദ്ധിയോടൊപ്പം വ്യാപകമായ ധാർമികാധ:പതനവും അവിടെ നടമാടിയിരുന്നു. ജൂലിയസ് സീസർ പുതുക്കി പണിയിച്ച് ഗ്രീക്കു പ്രദേശത്തെ റോമൻ ഗവൺമെൻറിൻെറ ആസ്ഥാനമാക്കിയിരുന്ന, അഭിവൃദ്ധി പ്രാപിച്ച, കോരിന്തിലാണ് വി. പൗലോസ് തൻെറ രണ്ടാം മിഷനറി യാത്രയിൽ എത്തിച്ചേർന്നത്. ഒന്നര വർഷം അവിടെ താമസിച്ച് അദ്ദേഹം സുവി ശേഷ പ്രഘോഷണം നടത്തി. മൂന്നാം യാത്രയിലും അദ്ദേഹം കോരിന്ത് സന്ദർശിച്ചു, മൂന്നു മാസം താമസിച്ചു.

വി.പൗലോസ് കോരിന്ത്യർക്കെഴുതിയ രണ്ടു ലേഖനങ്ങളാണ് കാനോനിക ഗ്രന്ഥങ്ങളായി നമുക്ക് ലഭിച്ചിരിക്കുന്നത്. എന്നാൽ ഒന്നാം ലേഖനത്തിൽ നിന്ന് ആ ലേഖനം എഴുതുന്നതിന് മുമ്പ് അദ്ദേഹം അവർക്ക് വേറെ ഒരു ലേഖനം എഴുതിയിരുന്നതായി മനസ്സിലാക്കാം. (1 കോരി. 5:9) ദൗർഭാഗ്യവശാൽ ആ ലേഖനം സഭയ്ക്ക് ലഭിക്കാതെ പോയി.

**ഒന്നാം ലേഖനം**

**ഉദ്ദേശ്യം**

കോരിന്തിൽ വി.പൗലോസ് സ്ഥാപിച്ച സഭാ സമൂഹം വളർന്ന് ശക്തമായി. എന്നാൽ അസാൻമാർഗികതയ്ക്കും തദനുസൃതമായ ചിന്താതരംഗങ്ങൾക്കും കുപ്രസിദ്ധമായിരുന്നു കോരിന്ത്. ഈ സാഹചര്യം ക്രൈസ്തവ ജീവിതത്തിൽ പല പ്രശനങ്ങളും ഉയർത്തി. ഒന്നാം ലേഖനം എഴുതുന്നതിന് പെട്ടെന്നുണ്ടായ കാരണം കോരിന്തിലെ സഭയിൽ നിന്നും വി.പൗലോസിന് ലഭിച്ച ഒരു കത്തായിരുന്നു. (1കോരി.7:1) സ്തേഫാനോസ്, (സ്തേഫാനോസ് സഹദാ അല്ല) ഫെർത്തുനാനോസ്, അഖായിക്കോസ് എന്നിവരുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘമാണ് കത്ത് വി. പൗലോസിനെ ഏൽപിച്ചത്. കോരിന്ത് സഭയിലെ പ്രശ്നങ്ങളായിരുന്നു കത്തിലെ ഉള്ളടക്കം. ഇത് കൂടാതെ കോരിന്തിലെ സഭയെപ്പറ്റി തൃപ്തികരമല്ലാത്ത ചില വിവരങ്ങൾ 'ക്ലോവെയുടെ ആളുകൾ' (1:11) മുഖേന വി.പൗലോസ് അറിയുവാനിടയായി. സഭയിലുണ്ടായിരുന്ന ചേരിതിരിവുകൾ, ദുർന്നടപ്പ്, ധാർമ്മിക അധഃപതനം എന്നിവ വി. പൗലോസിനെ അസ്വസ്ഥനാക്കി. വ്യവഹാരങ്ങളുമായി വിജാതിയ ന്യായാധിപനെ സമീപിക്കുന്നത്, വിഗ്രഹാർപ്പിതം സംബന്ധിച്ച കാര്യങ്ങൾ, ആരാധനാവേളയിലെ ക്രമക്കേടുകൾ എന്നിവ വി.പൗലോസിൻെറ ശ്രദ്ധയിൽപ്പെടുന്നു. വിവാഹം, വിവാഹ മോചനം, പുനർവിവാഹം എന്നീ വിഷയങ്ങളിൽ അവർക്ക് സംശയങ്ങൾ ഉണ്ടായിരുന്നു. ഈ വിഷയങ്ങൾക്കെല്ലാം മറുപടി നൽകുന്നതിനായി എഴുതിയതാണ് ഒന്നാം ലേഖനം.

**ഗ്രന്ഥവിഭജനം**

ഒന്നാം ലേഖനത്തെ മൂന്ന് ഭാഗങ്ങളായി തിരിക്കാൻ കഴിയും.

1. ഭിന്നതകളെപ്പറ്റി ക്ലോവെയിൽ നിന്നും ലഭിച്ച അറിയിപ്പിന് നൽകുന്ന മറുപടി. അദ്ധ്യായം ഒന്ന് മുതൽ നാല് വരെ.
2. ദുർന്നടപ്പിനെക്കുറിച്ച് ലഭിച്ച റിപ്പോർട്ടിൻമേലുള്ള മറുപടി 5,6 അദ്ധ്യായങ്ങൾ
3. കോരിന്ത്യർ അയച്ച കത്തിലെ ചോദ്യങ്ങൾക്കുള്ള( വിവാഹം, വിവാഹമോചനം, വിഗ്രഹാർപ്പിതം,പുനരുത്ഥാനം തുടങ്ങിയവ ) മറുപടി അദ്ധ്യായം 7-16 വരെ.

**രണ്ടാം ലേഖനം**

**ഉദ്ദേശ്യം**

വി.പൗലോസ് കോരിന്ത്യർക്കെഴുതിയ ഒന്നാമത്തെ ലേഖനത്തിന് ശേഷം ദുരുപദേഷ്ടാക്കൾ അവിടെയെത്തി വി.പൗലോസിനെതിരെ ജനങ്ങളെ ഇളക്കി. ഈ സാഹചര്യത്തെ നേരിടുന്നതിനായി വി.പൗലോസ് തീത്തോസിനെ അങ്ങോട്ടേക്കയച്ചു. തീത്തോസ് മടങ്ങിയെത്തിയ പ്പോൾ കോരിന്ത്യർക്കുണ്ടായ ഹൃദയ പരിവർത്തനത്തെക്കുറിച്ച് കേട്ട വി.പൗലോസ് അതിൽ സന്തോഷിച്ചു. അനുതപിച്ച ഭൂരിപക്ഷം ജനങ്ങളോട് തന്റെ നന്ദി അറിയിക്കുവാനും അനുതപിക്കാത്തവരോട് ന്യായവാദം ചെയ്യുവാനുമായിട്ടാണ് താൻ അവർക്ക് രണ്ടാമത് ലേഖനമെഴു തിയത്. ഇത് തീത്തോസ് കൈവശം കൊടുത്തുവിട്ടു. വിശുദ്ധന്മാർക്കായുള്ള ധർമ്മശേഖരത്തിനായി രണ്ട് സഹോദരൻമാരേയും തീത്തോസിനോടൊപ്പം അയച്ചു. ക്രിസ്തുവിൽ നിന്നും തനിക്ക് ലഭിച്ച അധികാരത്തെ ഈ ലേഖനത്തിലൂടെ വി.പൗലോസ് വെളിപ്പെടുത്തുന്നു.

**ഗ്രന്ഥവിഭജനം**

മൂന്നായി വിഭജിക്കാം

1. തന്റെ ശുശ്രൂഷയെപ്പറ്റി വി. പൗലോസിന്റെ വിശദീകരണം. അദ്ധ്യായം 1-7
2. വിശുദ്ധൻമാർക്കു വേണ്ടി വി. പൗലോസ് നടത്തിയ ധർമ്മ ശേഖരത്തെപ്പറ്റി. അദ്ധ്യായം 8-9
3. തന്റെ ശ്ലൈഹികാധികാരത്തെ പൗലോസ് സ്ഥിരീകരിക്കുന്നു. അദ്ധ്യായം 10-13

ത്രിത്വനാമത്തിലുള്ള ആശിർവാദത്തോടു കൂടി രണ്ടാം ലേഖനം അവസാനിപ്പിക്കുന്നു. (2 കോരിന്ത്യർ 13:13) (പേജ് 41)

(റാങ്ക് പേപ്പറുകളിൽ ബൈബിൾ റഫറൻസ് നിർബന്ധമായും ഉണ്ടായിരിക്കണം)

---

53. ഞാൻ (ഏനോ) 

54. ആണ്ട് (ശാത്തൊ) 